(ഇ) ഫാമുകളുടെ സമഗ്രമായ വികസനത്തിന് ലക്ഷ്യമിട്ടുകൊണ്ട് ഓരോ ഫാമിനും യോജിച്ച രീതിയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതോടുകൂടി ഫാമുകളെ ലാഭത്തിൽ കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

വില്പന നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

*23 [811] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം ലക്ഷക്കണക്കിന് രൂപയുടെ നികുതി കച്ചവടക്കാർ പിരിച്ചെടുക്കുന്നത് സർക്കാരിലേയ്ക്ക് അടയ്ക്കാതിരിക്കുന്ന നടപടി ഒഴിവാക്കാൻ വില്പന കൂടിയ കടകളിൽ ആഴ്ചതോറും പരിശോധന നടത്താൻ വില്പന നികുതി ഉദ്യോഗസ്ഥരുടെ പ്രത്യേക സെല്ലിന് രൂപം നൽകുമോ;

(ബി) 10 ലക്ഷത്തിലേറെ നികുതി കുടിശ്ശികയുള്ള കച്ചവടസ്ഥാപനങ്ങളിലെ വില്പന നികുതി മേലിലെങ്കിലും കുടിശ്ശിക വരാതിരിക്കാൻ വില്പന നികുതി ഉദ്യോഗസ്ഥർ എല്ലാ മാസവും ഇത്തരം കടകളിലെത്തി റിക്കോർഡുകൾ പരിശോധിച്ച് നികുതി ഈടാക്കുന്ന സംവിധാനം ഏർപ്പെടുത്തുമോ;

(സി) ദിവസേന നികുതി അടയ്ക്കാൻ താല്പര്യമുള്ളവരിൽനിന്നും സ്ഥാപനങ്ങളിൽ പോയി ദിവസേന നികുതിതുക ഈടാക്കാൻ സംവിധാനം ഏർപ്പെടുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ, ബി) ഈ നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വിദ്യാർത്ഥികളുടെ സഹായത്തോടെ വനവൽക്കരണ പരിപാടി

*24 [812] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ, കോളേജ് തലത്തിൽ വിദ്യാർത്ഥികളുടെ സഹായത്തോടെ വനവൽക്കരണം സംബന്ധിച്ച് പുതിയ ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്. ഹരിതോത്സവം (Greening the State) എന്ന ഒരു പദ്ധതിക്ക് 2002-03-ൽ തുടക്കം കുറിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 'ഹരിതോത്സവം' എന്ന പദ്ധതി 2002-03 സാമ്പത്തിക വർഷത്തിൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുകയുണ്ടായി. സംസ്ഥാനത്തെ പതിനാലു ജില്ലകളിലെയും നാഷണൽ ഹൈവേകളുടേയും സ്റ്റേറ്റ് ഹൈവേകളുടേയും ഇരുവശങ്ങളിലും മറ്റു തരിശുഭൂമികളിലും സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും തണൽമരങ്ങൾ, പൂമരങ്ങൾ, ഔഷധ വൃക്ഷങ്ങൾ എന്നിവ നട്ടുവളർത്തുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയാണിത്. വിദ്യാഭ്യാസം, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടെയും എൻ.എസ്.എസ്. വേൾഡ് വൈഡ് ഫണ്ട് തുടങ്ങിയ സംഘടനകളുടെയും പൊതുജനങ്ങളുടെയും സമ്പൂർണ്ണ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

ഇങ്ങനെ നട്ടുവളർത്തുന്ന തൈകളുടെ സംരക്ഷണം വനംവകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ വിവിധ കോളേജുകളിലെ എൻ.എസ്.എസ്. വോളണ്ടിയർമാരെയാണ് ഏല്പിച്ചിട്ടുള്ളത്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഗവൺമെന്റ് എടുത്ത വായ്പകളുടെയും ബോണ്ടുകളുടെയും പലിശ നിരക്ക്

1 [4739] ശ്രീ. എ. സുജനപാൽ:
„ എൻ. ശക്തൻ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. ജോർജ്ജ് ജെ. മാത്യു:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ളതും നിലവിലുള്ളതും ആയ വായ്പകൾ, ബോണ്ടുകൾ മുതലായവയുടെ പലിശ നിരക്ക് എത്ര വീതമാണ്;

(ബി) ഈ വായ്പകൾ എന്നേക്ക് വീട്ടേണ്ടതും ബോണ്ടുകളുടെ തുക എന്നേക്ക് കൊടുക്കേണ്ടതുമാണെന്ന് പറയുമോ;

(സി) ഇപ്പോഴുള്ള മാർക്കറ്റ് നിലവാരപ്രകാരം വായ്പകളിൻമേലുള്ള പലിശ യെത്രയാണ്;

(ഡി) ഇപ്പോഴത്തെ പലിശനിരക്ക് കുറവാണെങ്കിൽ ഗവൺമെന്റിന്റെ നിലവിലുള്ള വായ്പകളുടെയും ബോണ്ടുകളുടെയും തുക തിരിച്ച് നൽകുന്നതിനായി പുതിയ ലോണെടുക്കുന്നതിനുള്ള സാദ്ധ്യതയെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ;

(ഇ) പുതിയ ലോണെടുത്ത് പഴയ വായ്പകളുടെയും ബോണ്ടുകളുടെയും തുക കൊടുക്കുന്നപക്ഷം പലിശയിനത്തിൽ എന്തു കുറവ് വരുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly